# കേരളത്തിലെ ആദിവാസി സമൂഹങ്ങളും കുടുംബശ്രീ ഇടപെടലുകളും

സമ്പാദനം
മഞ്ജുളാ ഭാരതി



'കേരള വികസന മാതൃക' ആഗോളതലത്തിൽ ശ്ലാഘിക്കപ്പെടുമ്പോഴും ഒരു ശതമാനത്തിൽത്താഴെവരുന്ന കേരളത്തിലെ ആദിവാസികളുടെ ജീവിതനിലവാരരീതി ഇന്നും തീർത്തും പരിതാപകരമാണ്. കേരളത്തിലെ ദാരിദ്ര്യനിർമാർജന ഏജൻസിയായ കുടുംബശ്രീയുടെ ഇടപെടലുകൾ ആദിവാസികളുടെ ജീവിതത്തിലുണ്ടാക്കിയ വ്യതിയാനങ്ങളെക്കുറിച്ചുള്ള വിമർശനാത്മകമായ പഠനങ്ങളുടെ ലേഖന സമാഹാരമാണ് ഈ ഗ്രന്ഥം.

വില: ₹ 125/-
SIL-4260
ISBN 978 81-200-4260-5
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

കേരളത്തിലെ ആദിവാസിസമൂഹങ്ങളും കുടുംബശ്രീ ഇടപെടലുകളും
സമ്പാ: മഞ്ജുളാ ഭാരതി

കേരളത്തിലെ ആദിവാസി സമൂഹങ്ങളും കുടുംബശ്രീ ഇടപെടലുകളും

സമ്പാദനം
മഞ്ജുളാ ഭാരതി

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu 678 601

2018

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No............................ Call No.......................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

*Malayalam*
**KERALATHILE ADIVASISAMOOHANGALUM**
**KUDUMBASREE IDAPEDALUKALUM**

*Compilation*
**Manjula Bharathi**

*First Published :* July 2017

*Typing Assistant*
Sunitha C.A.

*Typeset at*
SIL-DTP Section

*Printed at*
Vijnanamudranam Press
Thiruvananthapuram-695003

*Published by*
The State Institute of Languages
Kerala, Thiruvananthapuram-695 003

© The State Institute of Languages, Kerala
Thiruvananthapuram - 2017

Copies : 500

**SIL / 4260  Price Rs. 125/-  ISBN 978-81-200-4260-5**

Published by the State Institute of Languages, Kerala, Thiruvananthapuram, under the scheme for production of text books and literature in regional languages, at the University level sponsored by the Government of India, Ministry of Human Resource Development (Department of Culture) New Delhi.

**FT / 2568**

225

# കേരളത്തിലെ ആദിവാസിസമൂഹങ്ങളും കുടുംബശ്രീ ഇടപെടലുകളും

സമ്പാദനം
**മഞ്ജുളാഭാരതി**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
**തിരുവനന്തപുരം**

## ഉള്ളടക്കം


1. മലവേട്ടുവ കുട്ടികൾക്കിടയിലെ കൊഴിഞ്ഞുപോക്ക് ഒരു വിശകലനം — 1
   *വിവേക് സി.*
2. കഞ്ഞിക്കുഴി പഞ്ചായത്തിലെ ആദിവാസി ഉൽപ്പാദന വിപണനമേഖലയും കുടുംബശ്രീയും — 39
   *ഷീജ രാജൻ എം.*
3. ആദിവാസികളായ മാവിലർക്കിടയിലെ സമുദായ സംഘടനകളും പ്രവർത്തനങ്ങളും — 53
   *പ്രസീത കെ.എസ്.*
4. കാടർ ആദിവാസി വിഭാഗവും കുടുംബശ്രീ ഇടപെടലുകളും — 77
   *പവിത്ര കെ.ജെ.*
5. പുനരധിവാസവും ആദിവാസികളും — 85
   *ആതിര ലക്ഷ്മണൻ*
6. കുടുംബശ്രീയും മലവേട്ടുവ സമുദായവും — 94
   *ഗോപിക ജി.എസ്.*
7. അട്ടപ്പാടിയിലെ കുറുമ്പവിഭാഗത്തിലെ പഞ്ചകൃഷിയും പിന്തുണാസംവിധാനങ്ങളും — 104
   *അശ്വതിമോൾ കെ.വി.*
8. കുടുംബശ്രീയുടെ സൂക്ഷ്മസംരംഭകത്വവും പനമരം പഞ്ചായത്തിലെ ആദിവാസി വിഭാഗങ്ങളുടെ പങ്കാളിത്തവും — 139
   *നിതിൻ സി.കെ.*
9. പൂതാടി പഞ്ചായത്തിലെ പണിയവിഭാഗങ്ങൾക്കിടയിലെ ഭൂപ്രശ്നങ്ങളും ഭൂസമരങ്ങളും ഒരു അവലോകനം — 161
   *ഗ്രീഷ്മ കെ.ജി.*
10. കുറിച്യ - പണിയവിഭാഗങ്ങൾക്കിടയിലെ കുടുംബശ്രീ ഇടപെടലുകൾ: ഒരു താരതമ്യപഠനം — 187
    *സജേഷ് എസ്.*

ഗ്രാഫ്


1. ലിംഗാധിഷ്ഠിത കാഴ്ചപ്പാടുകൾ


പട്ടിക


| | | |
|---|---|---|
| 1. | ആദിവാസി വിഭാഗങ്ങൾ | 4 |
| 2. | പഞ്ചായത്ത് ജനസംഖ്യ | 10 |
| 3. | ആദിവാസി സമുദായങ്ങൾ | 12 |
| 4. | കുട്ടികളുടെ കൊഴിഞ്ഞുപോക്ക് (ക്ലാസ്സ് അടിസ്ഥാനത്തിൽ) | 12 |
| 5. | പഠനം നിർത്തുന്നതിനുണ്ടായ കാരണങ്ങൾ | 17 |
| 6. | ഗൃഹപാഠങ്ങൾ ചെയ്യുന്ന രീതി | 21 |
| 7. | യാത്രാ രീതി | 22 |
| 8. | ജീവിത ആഗ്രഹങ്ങൾ | 23 |
| 9. | ആറളം ഫാം പുനരധിവാസമേഖലയിലെ ആദിവാസി വിഭാഗങ്ങൾ | 86 |
| 10. | വിദ്യാഭ്യാസനിലവാരം - ആറളം ഫാം ബ്ലോക്ക് നമ്പർ 13-50 കുടുംബങ്ങൾ | 89 |
| 11. | ജനസംഖ്യ 2011 ലെ സെൻസസ് പ്രകാരം | 112 |
| 12. | കുടുംബശ്രീ സംവിധാനം നിലവിലുള്ള ഊരുകൾ (പനമരം ബ്ലോക്ക് പഞ്ചായത്ത്) | 149 |
| 13. | പൂതാടി പഞ്ചായത്തിലെ ആദിവാസി കുടുംബങ്ങൾ | 164 |
| 14. | അടിസ്ഥാനസൗകര്യം | 171 |
| 15. | ഭൂമിയുടെ അവകാശരേഖ | 174 |
| 16. | സമരഭൂമിയിൽ പങ്കെടുക്കുന്നവർ | 180 |


# മലവേട്ടുവ കുട്ടികൾക്കിടയിലെ കൊഴിഞ്ഞുപോക്ക്: ഒരു വിശകലനം


## വിവേക് സി.


ഇന്ത്യൻ ആദിവാസിസമൂഹങ്ങൾ പൊതുവേ വനവാസികൾ, ഗിരിജൻ എന്നിങ്ങനെയാണ് അറിയപ്പെടുന്നത്. ബ്രിട്ടീഷുകാരുടെ കോളനിവൽക്കരണ കാലത്താണ് 'ട്രൈബൽ' എന്നപദം ഉപയോഗിച്ചു തുടങ്ങിയത്. ഇന്ത്യൻ ഭരണഘടനയിലെ 342-ാം വകുപ്പുപ്രകാരം 573 പട്ടികവർഗങ്ങളിലായി 10.45 കോടി ആദിവാസി ജനങ്ങളാണ് ഇന്ത്യയിലുള്ളത് (2011-ലെ സെൻസസ്). 75 പ്രത്യേക ദുർബല പട്ടികവർഗവിഭാഗങ്ങൾ (പർട്ടിക്കുലർലി വൾനറബിൾ ട്രൈബൽ ഗ്രൂപ്പ്സ് - പി.വി.ടി.ജി) ഇതിൽ ഉൾപ്പെടുന്നു. വടക്കുകിഴക്കൻമേഖല, പടിഞ്ഞാറൻമേഖല, ദക്ഷിണമേഖല എന്നിങ്ങനെ ഇന്ത്യയിലെ ആദിവാസികളുടെ അധിവാസത്തെ തരംതിരിച്ചിരിക്കുന്നു. ദേശീയതലത്തിൽ ആദിവാസിസമൂഹങ്ങളുടെ സാക്ഷരത 58.95 ശതമാനം മാത്രമാണ്. ഇത് ഇവർക്കിടയിലെ വിദ്യാഭ്യാസ അഭാവത്തെ ചൂണ്ടിക്കാട്ടുന്നു.

1994-ൽ എ. വിനാഷ് കുമാർ സിൻഹ ഇന്ത്യയിലെ വെസ്റ്റ് സിംഗ്ബുഹാം പരംപാൻചോ വില്ലേജിലെ പ്രാഥമികവിദ്യാലയങ്ങളിൽനിന്നും കൊഴിഞ്ഞുപോയ കുട്ടികൾക്കിടയിൽ നടത്തിയ പഠനത്തിൽ വീടും വിദ്യാലയവും തമ്മിലുള്ള വ്യത്യസ്തമായ ദ്വിമാനസ്വഭാവം കുട്ടികൾ പഠനം നിർത്തുന്നതിന് കാരണമായി ചൂണ്ടിക്കാണിക്കുന്നു.

2012-ൽ മഞ്ചുനാഥ് ബി.ആർ, അന്നപൂർണ്ണ എം. എന്നിവർ ചേർന്ന് കർണ്ണാടക ജില്ലയിലെ സോളിഗ, ജേൻ കുറുംബ, വേട്ട കുറുംബ എന്നീ വിഭാഗങ്ങൾക്കിടയിൽ നടത്തിയ പഠനത്തിൽ കൂടുതൽ കുട്ടികളും ദാരിദ്ര്യം മൂലമാണ് പഠനം ഉപേക്ഷിക്കുന്നത് എന്നുപറയുന്നു. കുട്ടികൾ തൊഴിലിനു പോകുന്നതും പഠനം നിർത്തുന്നതിന് കാരണമാകുന്നുണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

2016-ൽ ഡിഗിമണി സോറൻ, ഒഡീഷയിലെ മയൂർബാൻജ് ജില്ലയിലെ ആദിവാസി കുട്ടികൾക്കിടയിൽ നടത്തിയ പഠനത്തിൽ കൊഴിഞ്ഞുപോക്കിലേക്ക് നയിക്കുന്ന സാഹചര്യങ്ങളെക്കുറിച്ച് വിവരിക്കുന്നു. കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പദ്ധതികളും പ്രവർത്തനങ്ങളും നടക്കുന്നുണ്ടെങ്കിലും കുട്ടികളുടെ പഠനമുപേക്ഷിക്കൽ ഇപ്പോഴും തുടരുന്നു.